# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 17

# വാർത്താക്കുറിപ്പ്

## എം.ജി. സർവകലാശാല നെടുങ്കണ്ടം സാറ്റലൈറ്റ് സെന്റർ നാടിനു സമർപ്പിച്ചു

ഇടുക്കിയുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് കരുത്തുപകരുന്നതാണ് മഹാത്മാ ഗാന്ധി സർവകലാശാലയുടെ നെടുങ്കണ്ടം സാറ്റലൈറ്റ് സെന്ററെന്ന് വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി പറഞ്ഞു. നെടുങ്കണ്ടം പഞ്ചായത്ത് യു.പി. സ്കൂൾ അങ്കണത്തിൽ എം.ജി. സർവകലാശാല ആരംഭിച്ച സാറ്റലൈറ്റ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എറണാകുളം, കോട്ടയം ജില്ലകൾ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യത്തിൽ മുന്നോക്കമാണ്. ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലൂടെ ഇടുക്കിയുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുമെന്നും സാറ്റലൈറ്റ് സെന്ററിനാവശ്യമായ സഹായങ്ങൾ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ജ്ഞാനസുന്ദരൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെജി പനച്ചിക്കൽ, സിൻഡിക്കേറ്റംഗങ്ങളായ ഡോ. പി. പത്മകുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ എന്നിവർ പങ്കെടുത്തു.

സാറ്റലൈറ്റ് കേന്ദ്രത്തിൽ ഫോറെസ്റ്റ് മാനേജ്മെന്റിൽ പി.ജി. സർട്ടിഫിക്കറ്റ് കോഴ്സും എന്റർപ്രണർഷിപ്പ് മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ്, സൈബർ നിയമം, ഫിലിം-കൾച്ചർ-സൊസൈറ്റി, വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തും.

ജൂലൈയോടെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡേറ്റാ ബിസിനസ് അനലെറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയിൽ പി.ജി. ഡിപ്ലോമ കോഴ്സുകളും കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷനിൽ ഡിപ്ലോമ കോഴ്സും ബിസിനസ് ഡേറ്റാ അനാലിസിസ് (ടാലി, എം.എസ്. എക്സൽ) സർട്ടിഫിക്കറ്റ് കോഴ്സും ആരംഭിക്കും.

ഇതോടനുബന്ധിച്ച് സേവനകേന്ദ്രവും ആരംഭിക്കും. വിദ്യാർഥികൾക്ക് ഫീസടയ്ക്കാനും അപേക്ഷകൾ നൽകാനും സൗകര്യമൊരുക്കുന്നതിനൊപ്പം സർവകലാശാല വിവരങ്ങളും അറിയിപ്പുകളും ഇവിടെ ലഭ്യമാക്കും.

## ഫോട്ടോ ക്യാപ്ഷൻ

**നെടുങ്കണ്ടത്ത് മഹാത്മാ ഗാന്ധി സർവകലാശാല ആരംഭിച്ച സാറ്റലൈറ്റ് സെന്ററിന്റെ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി നിർവഹിക്കുന്നു**

(പി.ആർ.ഒ/39/241/2020)

## എം.ജി. പഠനവകുപ്പുകളിൽ പി.ജി. പ്രവേശനം; ക്യാറ്റിന് ഫെബ്രുവരി 20 മുതൽ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠനവകുപ്പുകളിലേയും ഇന്റർ സ്കൂൾ സെന്ററിലേയും വിവിധ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള പൊതുപ്രവേശന പരീക്ഷയ്ക്ക് (ക്യാറ്റ് എം.ജി.യു) അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 20 മുതൽ മാർച്ച് 20 വരെ www.cat.mgu.ac.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ നൽകാം. എഴുത്തുപരീക്ഷ, ഗ്രൂപ്പ് ഡിസ്കഷൻ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ്

സ്റ്റഡീസിലെ എം.ബി.എ. പ്രോഗ്രാമിലേക്ക് www.admission.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷിക്കേണ്ടത്. അപേക്ഷ ഫീസ്: 1100 രൂപ (പൊതുവിഭാഗം), 550 രൂപ (എസ്.സി./എസ്.ടി.), 1100 രൂപ (ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ട). ഫീസ് ഓൺലൈനായി അടയ്ക്കണം. വിശദവിവരത്തിന് പി.ജി. പ്രോഗ്രാം - cat@mgu.ac.in, ഫോൺ: 0481-2733615. എം.ബി.എ. പ്രോഗ്രാം - smbsmgu@yahoo.co.in, ഫോൺ: 0481-2732288. രാജ്യാന്തര വിദ്യാർഥികൾ www.ucica.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷിക്കേണ്ടത്. 100 യു.എസ്. ഡോളർ/ തത്തുല്യ ഇന്ത്യൻ രൂപയാണ് അപേക്ഷ ഫീസ്. ഇമെയിൽ: ucicmgu@gmail.com, ഫോൺ: 9446224240. ഒരു വിദ്യാർഥിക്ക് ഒരു അപേക്ഷ മാത്രമേ നൽകാനാവൂ. എം.ബി.എ. ഒഴികെ മറ്റ് പ്രോഗ്രാമുകൾക്ക് ഒരു അപേക്ഷയിലൂടെ നാല് വിവിധ പ്രോഗ്രാമുകൾക്കുവരെ അപേക്ഷിക്കാം. ഒന്നിലധികം അപേക്ഷകൾ (എം.ബി.എ. ഒഴികെ) നൽകുന്നവരുടെ അപേക്ഷ റദ്ദാകും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/242/2020)

## പ്രൊഫ. സാബു തോമസിന് കേന്ദ്ര ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ നാഷണൽ റിസർച്ച് അവാർഡ്

നാനോസയൻസ്-ടെക്നോളജിയിൽ വിശിഷ്ട സംഭാവനകൾ നൽകിയ ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പ് നാനോമിഷന്റെ ഭാഗമായി നൽകുന്ന നാഷണൽ റിസർച്ച് അവാർഡ് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ നാനോസയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസിന്. പ്രമുഖ ശാസ്ത്രജ്ഞനായ പ്രൊഫ. സി.എൻ.ആർ. റാവു അധ്യക്ഷനായ സെലക്ഷൻ കമ്മിറ്റിയാണ് പ്രൊഫ. സാബു തോമസിനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. ഒരു ലക്ഷം രൂപയും ബഹുമതിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. മാർച്ച് അഞ്ചുമുതൽ ഏഴുവരെ കൊൽക്കത്തയിൽ നടക്കുന്ന നാനോ സയൻസ് ടെക്നോളജി രാജ്യാന്തര കോൺഫറൻസിൽ പുരസ്കാരം സമ്മാനിക്കും. രാജ്യാന്തര കോൺഫറൻസിൽ പ്രൊഫ. സാബു തോമസ് മുഖ്യപ്രഭാഷണം നടത്തും.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസറായ ഡോ. സാബു തോമസ് 125ലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. രാജ്യാന്തര ജേർണലുകളിൽ ആയിരത്തിലധികം പബ്ലിക്കേഷനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് നിലവിൽ 48000 തവണ ഗവേഷണ പ്രബന്ധങ്ങളിലും മറ്റും അവലംബ വിധേയമായിട്ടുണ്ട്. അക്കാദമിക പ്രസിദ്ധീകരണ മികവ് അളക്കുന്ന ഗൂഗിൾ എച്ച് ഇൻഡക്സ് 100 പിന്നിട്ടിരുന്നു. ഇദ്ദേഹത്തിന് കീഴിൽ 100 പേർ ഗവേഷണം പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസ്, യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ് എന്നിവയിൽ അംഗത്വം നേടിയ പ്രൊഫ. സാബു തോമസിനെ പോളിമർ സയൻസ്, നാനോ സയൻസ്, നാനോ ടെക്നോളജി എന്നിവയിലെ മികച്ച അക്കാദമിക സംഭാവനകൾ വിലയിരുത്തി ലൊറൈൻ സർവകലാശാല 'പ്രൊഫസർ അറ്റ് ലൊറൈൻ' പദവി നൽകി ആദരിച്ചിരുന്നു.

മിശ്രസംയുക്ത പദാർത്ഥങ്ങളുടെ മേഖലയിലെ മികച്ച സംഭാവനകൾക്ക് 2017ൽ ലൊറൈൻ സർവകലാശാലയും 2015ൽ സൗത്ത് ബ്രിട്ട്നി സർവകലാശാലയും 'ഡോക്ടർ ഹൊണോറിസ് കോസ' പദവി നൽകി. 2019ലെ സി.എൻ.ആർ. റാവു പ്രൈസ് ലക്ചർ പുരസ്കാരവും 2018ലെ മികച്ച അക്കാദമീഷ്യനുള്ള 'ട്രില' പുരസ്കാരവും ലഭിച്ചു. ലണ്ടൻ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ ഫെല്ലോഷിപ്പും സ്ലോവേനിയ ജോസഫ് സ്റ്റീഫൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പും നേടിയിട്ടുണ്ട്. 2016ലെ മികച്ച അധ്യാപകനുള്ള ഡോ. എ.പി.ജെ. അബ്ദുൾകലാം അവാർഡും 2017ലെ ഇന്ത്യൻ നാനോ ബയോളജിസ്റ്റ് അവാർഡും 2017ലെ നാഷണൽ എജ്യൂക്കേഷൻ ലീഡർഷിപ്പ് അവാർഡും കരസ്ഥമാക്കിയിട്ടുണ്ട്. ലോകത്തെ മികച്ച ശാസ്ത്രജ്ഞരെ കണ്ടെത്തുന്നതിനായി റഷ്യൻ സർക്കാർ നടത്തിയ മത്സരത്തിൽ ആറാം സ്ഥാനം നേടിയിരുന്നു.

പോളിമർ നാനോ കോമ്പോസിറ്റ്സ്, ബ്ലെൻഡ്സ്, ഗ്രീൻ ബയോ നാനോ ടെക്നോളജി, നാനോ ബയോമെഡിക്കൽ സയൻസ് എന്നീ മേഖലകളിൽ മികച്ച കണ്ടുപിടുത്തങ്ങൾ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. അഞ്ച് പേറ്റന്റുകൾ സ്വന്തമായുണ്ട്.

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. സാബു തോമസ്**

(പി.ആർ.ഒ/39/243/2020)

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ ബ്രെയിൽ ഗവേഷണകേന്ദ്രത്തിന് തുടക്കം

കാഴ്ചപരിമിതിയുള്ള വിദ്യാർഥികളെയും ഗവേഷകരെയും പഠനഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായിക്കാനും അധ്യാപകർക്കും സന്നദ്ധ പ്രവർത്തകർക്കും ബ്രെയിൽ സംവിധാനത്തിൽ പരിശീലനം

നൽകുന്നതിനുമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ ബ്രെയിൽ ഗവേഷണകേന്ദ്രത്തിന് തുടക്കം. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെ ആഭിമുഖ്യത്തിലാണ് ഗവേഷണകേന്ദ്രം പ്രവർത്തിക്കുക.

ഗവേഷണകേന്ദ്രത്തിന്റെ ഉദ്ഘാടനം സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ നിർവഹിച്ചു. പ്രൊഫ. കെ. സാബുക്കുട്ടൻ അധ്യക്ഷത വഹിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. രാജീവ് കുമാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റി ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പ്രതിനിധി ഹരി, അശ്വതി എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ബ്രെയിൽ ഗവേഷണകേന്ദ്രത്തിന്റെ ഉദ്ഘാടനം സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ നിർവഹിക്കുന്നു**

(പി.ആർ.ഒ/39/244/2020)

## പരീക്ഷ തീയതി

ബി.ടെക് (പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. അഞ്ചാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് മൂന്നുമുതൽ ആരംഭിക്കും. നാലാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് നാലുമുതൽ ആരംഭിക്കും. മൂന്നാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് അഞ്ചുമുതൽ ആരംഭിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ മാർച്ച് ആറുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/245/2020)

## പരീക്ഷഫലം

2019 ഓഗസ്റ്റിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്. - 2018-20 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/246/2020)

2018 സെപ്റ്റംബറിൽ ഐ.ഐ.ആർ.ബി.എസിൽ നടന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/247/2020)

2019 ജൂലൈയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടന്ന പി.എച്ച്.ഡി. കോഴ്സ്വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/248/2020)

2019 ജൂണിൽ നടന്ന എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ - 2015 അഡ്മിഷൻ, സപ്ലിമെന്ററി - 2013 അഡ്മിഷൻ മുതൽ/2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/249/2020)

2019 മെയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ - 2016 അഡ്മിഷൻ/ സപ്ലിമെന്ററി - 2013 അഡ്മിഷൻ മുതൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/250/2020)

## Prof. Sabu Thomas wins National Research Award

The Department of Science & Technology (DST), Government of India, under the Nano Science and Technology Mission (Nano Mission) has instituted 'National Research Award' to recognize outstanding contributions of Indian Scientists to the advancement of Nano Science & Technology in the country.

Prof Sabu Thomas's name has been recommended for National Research Award for the year 2020 by Search cum Selection Committee chaired by Professor CNR Rao. This recommendation is being sent to Secretary, DST for his approval. The Award carries a Citation and an amount of Rs 1,00,000/-. The award shall be

conferred during ICONSAT - 2020 at to be oirganised at Kolkata during 5th to 7th March 2020. Prof Thomas has also been invited to give a plenary talk during the conference. ICONSAT (International Conference on Nano Science and Technology) is the series of biennial international conference held in India under the aegis of Nano Mission, Department of Science and Technology, Government of India, that provides a global platform of interactions among eminent scientists to bring to fore the recent advances in the area of nanoscience and technology.

**Professor Sabu Thomas** is currently **Vice Chancellor of Mahatma Gandhi University** He is also a full Professor of Polymer Science and Engineering at the School of Chemical Sciences of Mahatma Gandhi University, Kottayam, Kerala, India and the Founder Director and Professor of the International and Inter University Centre for Nanoscience and Nanotechnology. He is also holding the position of Director, School of Energy Materials, Mahatma Gandhi University. Prof. Thomas is an outstanding leader with sustained international acclaims for his work in Nanoscience, Polymer Science and Engineering, Polymer Nanocomposites, Elastomers, Polymer Blends, Interpenetrating Polymer Networks, Polymer Membranes, Green Composites and Nanocomposites, Nanomedicine and Green Nanotechnology. Dr. Thomas's ground breaking inventions in polymer nanocomposites, polymer blends, green bionanotechnological and nano-biomedical sciences, have made transformative differences in the development of new materials for automotive, space, housing and biomedical fields. In collaboration with India's premier tyre company, Apollo Tyres, Professor Thomas's group invented new high performance barrier rubber nanocomposite membranes for inner tubes and inner liners for tyres. Professor Thomas has received a number of national and international awards which include: ***Fellowship of the Royal Society of Chemistry, London FRSC, Distinguished Professorship from Josef Stefan Institute, Slovenia, MRSI medal, Nano Tech Medal, CRSI medal, Distinguished Faculty Award, Dr. APJ Abdul Kalam Award*** *for* ***Scientific Excellence – 2016,Mahatma Gandhi University-Award for Outstanding Contribution*** *–Nov. 2016,* ***Lifetime Achievement Award of the Malaysian Polymer Group, Indian Nano Biologists award 2017***and ***SukumarMaithy Award*** for the best polymer researcher in the country. He is in the list of **most productive researchers in India** and holds a position of No.5. Because of the outstanding contributions to the field of Nanoscience and Polymer Science and Engineering, Prof. Thomas has been conferred ***HonorisCausa (D.Sc) Doctorate by the University of South Brittany,*** Lorient, France and ***University of Lorraine, Nancy, France***. Very recently, Prof. Thomas has been awarded ***Senior Fulbright Fellowship*** to visit 20 Universities in the US and most productive faculty award in the domain Materials Sciences. Very recently he was also awarded with ***National Education Leadership Award – 2017*** **for** Excellence in Education**.** Prof Thomas also won **6th *contest of "mega-grants"*** in the grant competition of the Government of the Russian Federation ***(Ministry of Education and Science of the Russian Federation)*** designed to support research projects implemented under the supervision of the world's leading scientists. He has been honoured with ***Faculty Research Award*** of India's brightest minds in the field of academic research in May 2018**.** Professor Thomas was awarded with ***Trila – Academician of*** The Yearin June 2018 acknowledging his contribution to tyre industry. In 2019 Professor Thomas has been selected as a member of Prestigious ***European Academy of Sciences***. Last year he was honoured with C.N.R Rao Award Prize Lecture in Advanced Materials" by Materials Research Society of India (MRSI). In 2019, Professor Thomas has been selected as a member of Prestigious European

Academy of Sciences. He is the second Indian to be selected as the Fellow of International Academy of Physical Sciences and was honoured with Life Time Achievement award from Indian Association of Solid State Chemists and Allied Scientists (ISCAS). Professor Thomas has published over 1000 peer reviewed research papers, reviews and book chapters. He has co-edited 137 books published by Royal Society, Wiley, Wood head, Elsevier, CRC Press, Springer, and Nova etc. He is the inventor of 1**5 patents**. The **H index** of Prof. Thomas is **100** and has more than **48,000 citations.** Prof. Thomas has delivered over 400 Plenary/Inaugural and Invited lectures in national/international meetings over 30 countries. He has been successful in getting more than 9 international projects and 40 national projects to Mahatma Gandhi University.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 17

# വാർത്താക്കുറിപ്പ് - 2

---

**ചുമതലയേറ്റു**

മഹാത്മാ ഗാന്ധി സർവകലാശാല പരീക്ഷ കൺട്രോളറായി ഡോ. സി.എം. ശ്രീജിത് ചുമതലയേറ്റു. ഇന്നലെ (ഫെബ്രുവരി 17) ഉച്ചകഴിഞ്ഞ് രജിസ്ട്രാറും മുൻ പരീക്ഷ കൺട്രോളറുമായ പ്രൊഫ. ബി. പ്രകാശ് കുമാറിൽ നിന്നാണ് ചുമതലയേറ്റത്. സെനറ്റംഗം പി. പത്മകുമാർ, ജീവനക്കാരുടെ സംഘടന പ്രതിനിധികൾ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/250/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ